**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2389** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ റോഡ് നിർമ്മാണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ പള്ളിപ്പാട് - ഇരട്ടകുളങ്ങര - കുരീക്കാട് ജംഗ്ഷൻ റോഡ്, മണ്ണാറശ്ശാല ബ്ലോക്ക് ജംഗ്ഷൻ - ഗണപതിയാകുളങ്ങര റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിക്കാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ ; | (എ) | പള്ളിപ്പാട് - ഇരട്ടകുളങ്ങര - കുരീക്കാട് ജംഗ്ഷൻ റോഡ് ഹോട്ടൽ ബേബി ജംഗ്ഷൻ - എൻ.എച്ച്- ഇരട്ടക്കുളങ്ങര- പള്ളിപ്പാട് ചന്ത- കുരിക്കാട് ജംഗ്ഷൻ - പുല്ലമ്പട- റോഡ് നവീകരണ പ്രവൃത്തികൾ NABARD RIDF XXIV പദ്ധതിയിൽ ഉൾപ്പെടുത്തി 2019 ഡിസംബറിൽ ടെണ്ടർ ചെയ്യുകയും കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രൈസ് സോഫ്റ്റ് വെയറിൽ ഇ-എം.ബുക്ക് ജനറേറ്റ് ചെയ്യുവാൻ സാങ്കേതിക തടസ്സമുണ്ടായതിനെ തുടർന്ന് കരാർ റദ്ദ് ചെയ്യുകയും, തുടർന്ന് 2021-ൽ പുനർ ദർഘാസ് നടത്തി പുതിയ കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതാണ്. ടി പ്രവൃത്തിയുടെ ഭാഗമായ ഹോട്ടൽ ബേബി ജംഗ്ഷൻ മുതൽ ആർ.കെ ജംഗ്ഷൻ വരെയും, എൻ.എച്ച് ആർ.കെ ജംഗ്ഷൻ മുതൽ ഇരട്ടക്കുളങ്ങര വരെയുമുള്ള ഓട നിർമ്മാണം നടന്നുകൊണ്ടിരിക്കുക യാണ്. മേടയിൽ കടവ് കലുങ്കിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഹോട്ടൽ ബേബി ജംഗ്ഷൻ മുതൽ ആർ.കെ ജംഗ്ഷൻ വരെയുള്ള ഭാഗത്ത് ജി.എസ്.ബി വിരിക്കുന്നത് പൂർത്തിയാക്കിയിട്ടുണ്ട്. ആർ.കെ ജംഗ്ഷൻ മുതൽ ഇരട്ടക്കുളങ്ങര വരെയുള്ള ഭാഗത്ത് ജി.എസ്.ബി വിരിക്കുന്നതിനായി ലെവൽസ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഓട നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് റോഡ് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. മണ്ണാറശ്ശാല ബ്ലോക്ക് ജംഗ്ഷൻ- ഗണപതിയാകുളങ്ങര റോഡ് പ്രസ്തുത റോഡ് കി.മി.0/000 മുതൽ 3/750 വരെയുള്ള പുനരുദ്ധാരണത്തിന് 1.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ഇത്രയും നീളത്തിൽ ബി.എം. ബി.സി നിലവാരത്തിൽ |

| | | | |
|---|---|---|---|
| | | | പുനരുദ്ധാരണ പ്രവർത്തികൾ നടത്തുന്നതിന് ഭരണാനുമതി ലഭിച്ച തുക അപര്യാപ്തമായതിനാൽ 0/000 മുതൽ 2/000 വരെ മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിച്ചുള്ളു. തുടർന്ന് പ്രവൃത്തിയുടെ നോമൺക്ലേച്ചർ മാറ്റുന്നതിനു വേണ്ടി ചീഫ് ടെക്നിക്കൽ എക്സാമിനർ സൈറ്റ് ഇൻസ്പെക്ഷൻ നടത്തി 2019 അവസാനമാണ് പുതുക്കിയ ഭരണാനുമതി നൽകിയത്. ഇതിനെ തുടർന്ന് 2021 ഫെബ്രുവരി മാസം പ്രവൃത്തി പുനർ ദർഘാസ് നടത്തുകയും കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തു. ഈ റോഡിന്റെ പ്രാഥമിക ലെവൽസ് എടുക്കുന്ന നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നിർവ്വഹണ തടസ്സമെന്തെന്നും ആയത് ഒഴിവാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും അറിയിക്കാമോ? | (ബി) | ടി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് മറ്റു തടസ്സങ്ങൾ ഒന്നും ഇല്ല. |

സെക്ഷൻ ഓഫീസർ